## 419

1 നിന്നിഷ്ടം ദേവാ! ആയിടട്ടെ ഞാനോ മൺപാത്രം നിൻകരത്തിൽ
നിൻപാദത്തിൽ ഞാൻ കാത്തിരിക്കും നിന്നിഷ്ടംപോൽ നീ മാറ്റുകെന്നെ

2 നിന്നിഷ്ടംപോലെ ആകണമേ നിൻസന്നിധൗ ഞാൻ താണിരിക്കും
നിൻവചനമാം തണ്ണീരിനാൽ എന്നെ കഴുകി ശുദ്ധി ചെയ്ക-

3 നിന്നിഷ്ടംപോലെ ആകണമേ എന്നുള്ളം നോവും വേളയിലും
നിൻകരം തൊട്ടു താലോലിക്കെൻ കർത്താവേ! ഞാനും ശക്തനാവാൻ

4 നിന്നിഷ്ടംപോലെ ആകണമേ എന്നിഷ്ടരെന്നെ തള്ളിയാലും
ഞാൻ കൈവിടില്ലയെന്നു ചൊന്ന നാഥാ നിൻവാക്കെന്താശ്വാസമേ!-

5 നിന്നിഷ്ടംപോലെ ആകണമേ നിത്യവും ഞാൻ നിൻദാസൻ തന്നെ
എന്നുള്ളിൽ വാഴും ശുദ്ധാത്മാവാൽ
എന്നും നിറഞ്ഞു ശോഭിപ്പാൻ ഞാൻ-

**G.P.**